LIBRARY ARCHIVES Kerala Legislative Assembly

തീരദേശ സേനാരൂപീകരണം

177 [873] **ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ സേനാരൂപീകരണം ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;

(ബി) തീരദേശ സേനയുടെ ഘടന എന്താണെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ തീരദേശങ്ങളിലുള്ള പോലീസ് സ്റ്റേഷനുകളെ കൂടാതെ തീരദേശസേന പോലീസ് സ്റ്റേഷനുകൾ രൂപീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(ഡി) എവിടെയെല്ലാമാണ് ആദ്യഘട്ടമായി തീരദേശ സേനാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നത്;

(ഇ) കടൽയാത്ര നടത്തുവാനാവശ്യമായ പരിശീലനവും കടൽയാത്ര ചെയ്യുന്നതിനുതകുന്ന ജലയാനങ്ങളും നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചിട്ടുള്ള നിരീക്ഷണ ഉപകരണങ്ങളും തീരദേശ സേനയ്ക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശാനുസരണം തീരദേശ സേന രൂപീകരണത്തിനുള്ള ഒരു പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 15-3-2004-ലെ സ.ഉ.(എം.എസ്.) 85/2004/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം കേരള മറൈൻസിന്റെ കീഴിൽ നാല് റേഞ്ച് യൂണിറ്റുകൾ ആരംഭിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്.

(ബി) ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(സി) ഉണ്ട്.

(ഡി) വിഴിഞ്ഞം, ഫോർട്ടുകൊച്ചി, കൊടുങ്ങല്ലൂർ, ബേപ്പൂർ എന്നീ സ്ഥലങ്ങളിലാണ് ആദ്യഘട്ടമായി തീരദേശ സേന റേഞ്ച് യൂണിറ്റുകൾ ആരംഭിക്കുന്നത്.

(ഇ) 'എ' പിരിവിൽ പ്രതിപാദിച്ചിട്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം തീരദേശ സേനയ്ക്ക് തുടക്കത്തിൽതന്നെ ജലയാനങ്ങളും നിരീക്ഷണ ഉപകരണങ്ങളും വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ രണ്ടാം ടെർമിനലിന് വേണ്ടിയുള്ള സ്ഥലമെടുപ്പ്

178 [877] **ശ്രീ. കെ. മോഹൻകുമാർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ രണ്ടാം ടെർമിനലിന് വേണ്ടിയുള്ള സ്ഥലമെടുപ്പ് ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;